ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 30.06.2025** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. മൃഗസംരക്ഷണ - ചികിത്സ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാങ്കേതിക വിദ്യക്ക് സാധിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu calls for the use of new technology to bring revolutionary changes in veterinary medicine and care.**

2. തെലങ്കാനയിലെ വ്യാവസായിക കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ 12 തൊഴിലാളികൾ മരിച്ചു. ദുഖം രേഖപ്പെടുത്തി രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

   **In Telangana, 12 workers were killed in a blast at an industrial unit. President Droupadi Murmu and Prime Minister Narendra Modi expressed condolences.**

3. ഘാന, ബ്രസിൽ ഉൾപ്പെടെ അഞ്ച് രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം മറ്റെന്നാൾ ആരംഭിക്കും.

   **Prime Minister Narendra Modi will embark on a five-nation visit to Ghana, Trinidad and Tobago, Argentina, Brazil, and Namibia beginning Wednesday.**

4. നഗരവൽക്കരണ സാധ്യതകൾ മനസിലാക്കിയുള്ള വികസനമാണ് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Development that takes into account the possibilities of urbanization is needed, said Chief Minister Pinarayi Vijayan.**

5. റെയിൽവേയിലെ പുതുക്കിയ യാത്രാ നിരക്കുകൾ നാളെ മുതൽ പ്രാബല്യത്തിൽ.

   **The revised railway fare rates will come into effect from tomorrow.**

6. വിംബിൾഡൺ ടെന്നിസ് മത്സരങ്ങൾക്ക് തുടക്കമായി. ഹാട്രിക് ലക്ഷ്യമിട്ട് കാർലോസ് അൽക്കരസ്.

**The Wimbledon tennis matches began. Carlos Alcaraz aims for a hat-trick.**

# PREZ - UTTAR PRADESH (INTRO)

മൃഗസംരക്ഷണ - ചികിത്സ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാങ്കേതിക വിദ്യക്ക് കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തർപ്രദേശിലെ ബറേലിയിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂറ്റിന്റെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. വൈകിട്ട്, ഗോരഖ്പൂർ എയിംസിൻറെ പ്രഥമ ബിരുദദാന ചടങ്ങിലും ശ്രീമതി മുർമു പങ്കെടുത്തു. രാജ്യത്തെ വൈദ്യശാസ്ത്ര, മെഡിക്കൽ വിദ്യാഭ്യാസ മേഖലകളിൽ ഉയർന്ന മാനങ്ങൾ സൃഷ്ടിക്കാൻ എെയിംസിന് സാധിച്ചതായി രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

# PM-HOOL DIWAS

ഹൂൽ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദിവാസി സമൂഹത്തിലെ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. ഗോത്ര സമര സേനാനികളുടെ ധൈര്യവും വീര്യവും പ്രചോദനം നൽകുന്നതാണെന്ന് ശ്രീ. മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. 1855-ലെ സന്താൾ കലാപത്തിൻറെ സ്മരണയ്ക്കായാണ് എല്ലാ വർഷവും ജൂൺ 30-ന് ഹൂൽ ദിവസ് ആഘോഷിക്കുന്നത്.

# HYDERABAD BLAST + PREZ - PM

തെലങ്കാനയിലെ സംഗറെഡ്ഡി ജില്ലയിലെ പശമിലാറം വ്യാവസായിക കേന്ദ്രത്തിൽ സ്ഫോടനം. 12 തൊഴിലാളികൾ മരിച്ചു. 26 പേർക്ക് പരിക്കേറ്റു. സിഗാച്ചി കെമിക്കൽ വ്യവസായ കേന്ദ്രത്തിലെ റിയാക്ടർ പൊട്ടിത്തെറിച്ചാണ് അപകടം. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ അഗാധ ദുഖം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ ദേശീയ

ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SHAH- MANTHAN BAITHAK

കേന്ദ്രമന്ത്രി അമിത്ഷായുടെ നേതൃത്വത്തിൽ സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശകളിലെ സഹകരണ മന്ത്രിമാരുടെ മന്തൻ ബൈഠക്കിന് ന്യൂഡൽഹിയിൽ തുടക്കം. സഹകരണ മേഖലയെ ശക്തിപ്പെടുത്തുക, പുരോഗതി അവലോകനം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഭക്ഷ്യസുരക്ഷയും കർഷകരുടെ ശാക്തീകരണവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള സഹകരണ മേഖലയിലെ ഏറ്റവും വലിയ ധാന്യ സംഭരണ പദ്ധതിയെക്കുറിച്ചുള്ള ചർച്ചയും നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SITHARAMAN- VISIT

കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻറെ സ്പെയിൻ, പോർച്ചുഗൽ, ബ്രസീൽ സന്ദർശനത്തിന് തുടക്കമായി. സ്പെയിനിൽ ഐക്യരാഷ്ട്രസഭ സംഘടിപ്പിക്കുന്ന വികസന ധനസഹായം സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ ശ്രീമതി നിർമ്മല സീതാരാമൻ പങ്കെടുക്കും. ബ്രസീലിൽ ന്യൂ ഡെവലപ്മെൻറ് ബാങ്കിൻറെ പത്താം വാർഷിക യോഗത്തെയും കേന്ദ്രമന്ത്രി അഭിസംബോധന ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GST COLLECTION

രാജ്യത്തെ ചരക്കു സേവന നികുതി വരുമാനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ രേഖപ്പെടുത്തിയത് ഇരട്ടി വളർച്ച. 2020-21ൽ 11.37 ലക്ഷം കോടി ആയിരുന്ന നികുതി വരുമാനം, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർവകാല റെക്കോർഡ് ആയ 22.8 ലക്ഷം കോടി കടന്നു. ജി എസ് ടി സംവിധാനം നിലവിൽ വന്നതിൻറെ എട്ടാം വാർഷികമാണ് നാളെ. ഇതോടനുബന്ധിച്ച് തിരുവനന്തപുരം മേഖല സംഘടിപ്പിക്കുന്ന ജിഎസ്ടി ദിനാഘോഷം തിരുവനന്തപുരത്ത് നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## JAISHANKAR - US VISIT

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് തിരിക്കും. നാളെയാണ് യോഗം. സ്വതന്ത്രവും സുരക്ഷിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി പൊതു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളിൽ ക്വാഡ് നേതൃത്വം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAILWAY- NEW FARE

റെയിൽവേയിലെ പുതുക്കിയ യാത്രാ നിരക്കുകൾ നാളെ പ്രാബല്യത്തിൽ വരും. ഓർഡിനറി ക്ലാസ്സുകളിൽ 500 കിലോമീറ്റർ ദൂരം വരെ നിരക്ക് വർധന ഉണ്ടാകില്ല. മറ്റു ക്ലാസ്സുകളിൽ കിലോമീറ്ററിന് അര പൈസയാണ് വർധന. മെയിൽ, എക്സ്പ്രസ് ട്രെയിനുകളിൽ കിലോമീറ്ററിന് ഒരു പൈസ വർദ്ധിക്കും. എസി കോച്ചുകൾക്ക് കിലോമീറ്ററിന് 2 പൈസയാണ് വർധന. റിസർവേഷൻ ചാർജ്, സർചാർജ് തുടങ്ങിയവയിൽ മാറ്റം ഉണ്ടാകില്ല.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IRCTC

IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നാളെ മുതൽ നിലവിൽ വരും. ജൂലൈ അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും. ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMARNATH YATRA

ഈ വർഷത്തെ അമർനാഥ് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ജൂലൈ 3 ന് ആരംഭിക്കുന്ന തീർത്ഥാടനത്തിനുള്ള ടിക്കറ്റ് എടുക്കുന്നതിനായി ഇന്ത്യയിലുടനീളവും വിദേശത്തുമുള്ള ഭക്തർ സരസ്വതി ധാമിൽ എത്തിത്തുടങ്ങി. യാത്ര സുഗമമാക്കുന്നതിനായി ജമ്മു - ശ്രീനഗർ ദേശീയ പാതയിൽ സുരക്ഷാ സേന മോക്ക് ഡ്രിൽ സംഘടിപ്പിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ARMY CHIEF - BHUTAN

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ ഭൂട്ടാൻ സന്ദർശനം ആരംഭിച്ചു. ഭൂട്ടാനിലെ രാജാവ്, കരസേനാ മേധാവി തുടങ്ങിയവരുമായി അദ്ദേഹം ചർച്ച നടത്തും. ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## MEA-PM-VISIT - INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഘാന, ട്രിനിഡാഡ് ആന്റ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങളിലേക്കുള്ള സന്ദർശനം മറ്റെന്നാൾ ആരംഭിക്കും. അടുത്ത മാസം രണ്ട്, മൂന്ന് തീയതികളിൽ സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി ഘാനയിൽ എത്തുമെന്ന് വിദേശകാര്യ മന്ത്രാലയത്തിലെ സാമ്പത്തിക കാര്യ സെക്രട്ടറി ദമ്മു രവി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഘാന പ്രസിഡന്റുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

**(VOICE)**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SURESH GOPI - SWACHTHA PAKHWADA

കേന്ദ്ര പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയത്തിന് കീഴിലുള്ള, ഇന്ത്യൻ ഓയിലിൻ്റെ ആഭിമുഖ്യത്തിൽ നാളെ കോട്ടയത്ത് സംഘടിപ്പിക്കുന്ന സ്വച്ഛതാ വാരാചരണം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന പരിപാടിയിൽ ശുചിത്വവും പരിസ്ഥിതി സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങൾക്ക് കേന്ദ്ര സഹമന്ത്രി നേതൃത്വം നൽകും.

തുടർന്ന് ശ്രീ സുരേഷ് ഗോപി കുട്ടികൾക്ക് സ്വച്ഛത പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CM - URBANISATION

നഗരവൽക്കരണത്തിൻറെ സാധ്യതകളും പ്രശ്നങ്ങളും മനസിലാക്കിയുള്ള വികസനമാണ് നാടിന് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് അതിവേഗം നഗരവൽക്കരണം നടക്കുകയാണെന്നും വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് നാടിന് സമർപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## JANAKI VZ STATE OF KERALA

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന അനുമതി നിഷേധിച്ചതിനെതിരെയുള്ള ഹർജി കേരള ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിച്ചു. ജാനകിയെന്ന പേര് മാറ്റണമെന്ന സെൻസർ ബോർഡിൻറെ നിലപാടിനെ കോടതി ചോദ്യം ചെയ്തു. സമൂഹത്തിൽ നിലവിലുള്ള മിക്ക പേരുകളും മതാധിഷ്ഠിതമായതിനാൽ പ്രഥമദൃഷ്ട്യാ ഈ വാദം നിലനിൽക്കില്ലെന്നും കോടതി വ്യക്തമാക്കി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## KERALA DGP

കേരളത്തിൻറെ പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ നാളെ ചുമതലയേൽക്കും. 1991 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ്. നിലവിലെ മേധാവി ഷെയ്ഖ് ദർവേഷ് സാഹിബിന് പോലീസ് ആസ്ഥാനത്ത് ഔദ്യോഗിക യാത്രയയപ്പ് നൽകി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## WIMBLEDON 2025

വിമ്പിൾഡൺ ഗ്രാൻഡ് സ്ലാം മത്സരങ്ങൾക്ക് ലണ്ടനിൽ തുടക്കം. പുരുഷ സിംഗിൾസിൽ, സ്പാനിഷ് താരം കാർലോസ് അൽകാരസ്, ഇറ്റലിയുടെ

ഫാബിയോ ഫോഗിനിയെ നേരിടുന്നു. ഹാട്രിക്ക് കിരീടം ലക്ഷ്യമിട്ടാണ് അൽകാരാസ് ഇത്തവണ വിമ്പിൾഡണിൽ മാറ്റുരയ്ക്കുന്നത്. വനിതാ വിഭാഗത്തിൽ അരിയാന സാബലെങ്ക, കാഴ്സൺ ബ്രാൻസ്റ്റൈനെ പരാജയപ്പെടുത്തി. രോഹൻ ബൊപ്പണ്ണ ഉൾപ്പെടെ നാല് ഇന്ത്യൻ താരങ്ങൾ വിമ്പിൾഡണിൽ ഇത്തവണ വിവിധ വിഭാഗങ്ങളിൽ മത്സരിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SSC - APPLICATION

കംബൈൻഡ് ഹയർ സെക്കൻഡറിതല കമ്പ്യൂട്ടർ അധിഷ്ഠിത പൊതു പരീക്ഷയ്ക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അപേക്ഷ ക്ഷണിച്ചു. 3,131 ഒഴിവുകളിലേക്കാണ് നിയമനം. അപേക്ഷകൾ ssc.gov.in എന്ന വെബ്സൈറ്റിലൂടെ അടുത്ത മാസം 18 ന് മുൻപായി സമർപ്പിക്കണം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 452 പോയിൻറ് കുറഞ്ഞ് 83,606 ലും നിഫ്റ്റി 120 പോയിൻറ് താഴ്ന്ന് 25,517 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ ഇടിവ്. പവന് 120 രൂപ കുറഞ്ഞ് 71,320 രൂപയും ഗ്രാമിന് 15 രൂപ കുറഞ്ഞ് 8,915 രൂപയുമാണ് ഇന്നത്തെ വില.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## HIMACHAL PRADESH- RAIN

ഹിമാചൽ പ്രദേശിൽ രണ്ട് ദിവസമായി തുടരുന്ന മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. വിവിധ ഭാഗങ്ങളിൽ മണ്ണിടിച്ചിലും, വെള്ളപ്പൊക്കവും ഉണ്ടായതായാണ് റിപ്പോർട്ട്. കനത്ത മഴയെ തുടർന്ന് നാല് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരിക്കുകയാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PAK FLOOD

പാകിസ്ഥാനിൽ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും 11 കുട്ടികൾ ഉൾപ്പെടെ 18 പേർ മരിച്ചു. ലാഹോർ, സിയാൽകോട്ട്, ഫൈസലാബാദ്, ഗുജ്റൻവാല നഗരങ്ങളിലാണ് വെള്ളപ്പൊക്കം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## FIJI HIV

പസിഫിക് സമുദ്ര ദ്വീപ രാഷ്ട്രമായ ഫിജിയിൽ എച്ച്.ഐ.വി രോഗബാധ സംബന്ധിച്ച ആശങ്ക വർധിക്കുന്നു. കഴിഞ്ഞ വർഷം എച്ച്.ഐ.വി-അനുബന്ധ ആരോഗ്യ പ്രശ്നങ്ങൾ കാരണം 126 പേരാണ് മരിച്ചത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪
✪✪✪✪✪✪✪✪✪
✪✪✪✪✪